## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *70 — 11.03.2015 ൽ മറുപടിക്ക്.

## പീടിക തൊഴിലാളി ക്ഷേമനിധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ :<br>ശ്രീ. മാത്യു റ്റി. തോമസ് :<br>ശ്രീ. സി. കെ. നാണു :<br>ശ്രീമതി ജമീല പ്രകാശം : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) നിലവിലുള്ള പീടിക തൊഴിലാളി ക്ഷേമനിധിയിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) 1960-ലെ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് ആക്ടിന്റെ പരിധിയിൽ വരുന്ന 18 വയസിനും 55 വയസിനും ഇടയിൽ പ്രായമുള്ള തൊഴിലാളികൾ, ഈ മേഖലയിൽ സ്വയംതൊഴിൽ ചെയ്യുന്ന തൊഴിലാളികൾ എന്നിവർക്ക് കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകിവരുന്നു. തൊഴിലാളി വിഹിതമായി പ്രതിമാസം 20/- രൂപയും തൊഴിലുടമാ വിഹിതമായി 20/- രൂപയും ചേർത്ത് ആകെ 40/-രൂപ അംശദായമായി തൊഴിലുടമ നിധിയിലേയ്ക്ക് അടക്കണം. സ്വയം തൊഴിൽ ചെയ്യുന്ന അംഗം പ്രതിമാസം 40/- രൂപ സ്വന്തമായി നിധിയിലേയ്ക്ക് അടയ്ക്കണം. തൊഴിലാളി വിഹിതത്തിന്റെ 25 ശതമാനമോ 5/-രൂപയോ ഏതാണോ കൂടുതൽ അത് സർക്കാർ ഗ്രാന്റായി അനുവദിക്കുന്നു. ക്ഷേമപദ്ധതിയുടെ ഭരണ നിർവഹണത്തിനായി തൊഴിലാളി/തൊഴിലുടമ/ |

സർക്കാർ പ്രതിനിധികൾ ഉൾപ്പെടുന്ന 15 അംഗ ബോർഡ് സർക്കാർ കാലാകാലങ്ങളിൽ രൂപീകരിക്കുന്നു.

പദ്ധതിയിൽ അംഗത്വമെടുക്കുന്ന തൊഴിലാളികൾക്ക് പെൻഷൻ, പ്രസവാനുകൂല്യം, വിവാഹാനുകൂല്യം, അംഗത്തിന്റെ/ കുടുംബാംഗങ്ങളുടെ മരണാനന്തരചെലവ്, ചികിത്സാ സഹായം, വിദ്യാഭ്യാസാനുകൂല്യം, മരണാനന്തര സഹായം എന്നിവ നൽകുന്നു.

| | | | |
|---|---|---|---|
| (ബി) | വഴിയോര കച്ചവടക്കാരെ കൂടി പ്രസ്തുത ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരണ മെന്നാവശ്യപ്പെട്ടുകൊണ്ട നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) | ഇല്ല. |
| (സി) | വഴിയോര കച്ചവടക്കാരെ കൂടി പ്രസ്തുത ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (സി) | നിലവിൽ സ്വയം തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള കച്ചവടക്കാർക്ക് ഈ പദ്ധതിയിൽ അംഗത്വം എടുക്കാവുന്നതാണ്. എന്നാൽ അവർ ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് ആക്ടിന്റെ പരിധിയിൽ വരുന്നവരായിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>2008-ലെ അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷ നിയമപ്രകാരം വഴി യോരക്കച്ചവടക്കാർക്ക് അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ ബോർഡിന് കീഴിലുള്ള ക്ഷേമപദ്ധതി യിൽ അംഗത്വമെടുക്കാവുന്നതാണ്. |

സെക്ഷൻ ആഫീസർ.